# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ</u>

4337 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് നൽകുന്ന പരിശീലന പരിപാടികളുടെ വിശദവിവരം നൽകാമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകാറുള്ളത്;

(സി) പരിശീലനം നൽകുന്നതിനുള്ള ഫാക്കൽറ്റി അറേഞ്ച്മെന്റിന്റെ വിശദവിവരം നൽകാമോ;

(ഡി) ഇതേവരെ എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിക്ക് 2012-2013 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക

4338 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിക്ക് 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര തുക അനുവദിച്ചിരുന്നെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനകം എന്തു തുക എന്തെല്ലാം കാര്യത്തിനായി ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാന ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിയിൽ ഏതെല്ലാം തസ്തികകളിൽ ആരെല്ലാം സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച നേരിടാൻ ഈ സ്ഥാപനം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, ഇതിനായി എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കടൽക്ഷോഭംമൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് നടപടികൾ</u>

4339 ശ്രീ. വി. ശിവൻകുട്ടി
,, ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭംമൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കടൽക്ഷോഭസാധ്യതയുള്ള പ്രദേശങ്ങളിൽ കെടുതികൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിരുന്നത്;

(സി) കാലവർഷക്കെടുതികളിൽപ്പെട്ട് സംസ്ഥാനത്ത് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്; മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ടോ;

(ഡി) നാശനഷ്ടങ്ങൾ എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കടൽക്ഷോഭക്കെടുതികൾ നേരിടുന്നതിന് ദുരന്തനിവാരണ അതോറിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കടൽക്ഷോഭംമൂലം കിടപ്പാടവും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് പ്രകൃതി ദുരന്തത്തിനിരയായവർ എന്ന നിലയിൽ പുനരധിവാസവും നഷ്ടപരിഹാരവും നൽകാൻ സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം</u>

4340 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷക്കെടുതികളിൽ സംസ്ഥാനത്ത് വീടും കൃഷിയും നശിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയെങ്കിലും നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>മലപ്പുറം ജില്ലയിൽ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം</u>

4341 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ദുരന്തനിവാരണത്തിനായുള്ള ജില്ലാതല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ദുരന്തനിവാരണ അതോറിറ്റി വഴി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ജില്ലയ്ക്കായി ഒരു ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചു ചേർക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ മാനേജ്മെന്റ് അതോറിറ്റിയിലെ ടെക്നിക്കൽ എക്സ്പേർട്ട് നിയമനം</u>

4342 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്തനിവാരണ മാനേജ്മെന്റ് അതോറിറ്റിയിൽ ടെക്നിക്കൽ എക്സ്പേർട്ടിനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് ഈ തസ്തികയ്ക്കായി അപേക്ഷ നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) അപേക്ഷകരിൽ ആരെയെങ്കിലും നിയമിക്കാൻ, നിലവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലുള്ള മുഴുവൻ ഫയലുകളും നോട്ട് ഫയൽ ഉൾപ്പെടെ സഭയുടെ മേശപ്പുറത്തുവയ്ക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ഭൂനികുതിയിനത്തിൽ ലഭിച്ച തുക</u>

4343 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-2013 സാമ്പത്തിക വർഷത്തിൽ ഭൂനികുതിയിനത്തിൽ എത്ര കോടി രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കെട്ടിട നികുതി</u>

4344

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷങ്ങളിലെയും വർഷാന്ത്യത്തിലെ കെട്ടിട നികുതി ഇനത്തിലെ മുതൽ - പിരിവ് - ബാക്കി സ്റ്റേറ്റ്മെന്റ് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നികുതിഇൗടാക്കേണ്ടുന്നതിനായി റവന്യൂ ആഫീസുകളിൽ തയ്യാറാക്കിയിട്ടുളള ഡിമാന്റിന്റെ കൃതൃത തിട്ടപ്പെടുത്തുന്നതിനുവേണ്ടി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉളളത് എന്നറിയിക്കുമോ;

(സി) ആയത് പ്രകാരം 2011-12 വർഷത്തെ അപേക്ഷിച്ച് 2012-13ൽ എത്ര തുകയുടെ മുതൽ ഇനത്തിൽ വർദ്ധനവോ/കുറവോ ഉണ്ടായിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് അറിയിക്കുമോ;

(ഡി) ഇക്കഴിഞ്ഞ അഞ്ചുവർഷത്തെ ഈയിനത്തിലുളള സംസ്ഥാനതല വർഷാന്ത്യ മുതൽ - പിരിവ് - ബാക്കി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പാട്ടക്കുടിശ്ശിക</u>

4345 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷത്തിൽ എത്ര കോടി രൂപ പാട്ടക്കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പാട്ടക്കുടിശ്ശികയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പിരിച്ചെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>നികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥ</u>

4346 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വടകര താലൂക്ക് ചെക്യാട്, വില്ലേജാഫീസിന്റെ പരിധിയിൽപ്പെട്ട അരീക്കരക്കുന്നിൽ താമസക്കാരായവർക്കും കൈവശക്കൃഷിക്കാർക്കും നികുതി അടയ്ക്കാൻ കഴിയാത്തതും കൈവശ സർട്ടിഫിക്കറ്റുകൾ നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൃഷിക്കാരും താമസക്കാരും ഏത് വർഷം വരെയാണ് നികുതി അടച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ടി കൃഷിക്കാർക്കും താമസക്കാർക്കും തുടർന്നും നികുതി അടയ്ക്കുന്നതിനുള്ള അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര പദ്ധതികൾക്ക് റവന്യൂ ഭൂമി</u>

4347 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രസർക്കാർ അനുവദിച്ച പദ്ധതികൾക്കായി സർക്കാർഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര ഭൂമി വീതം ഏതൊക്കെ പദ്ധതികൾക്ക് എവിടെയൊക്കെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുറമ്പോക്കു കയ്യേറി കൈവശം വച്ചിരിക്കുന്ന വിഷയം</u>

4348 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ദേവീ ക്ഷേത്രത്തിലേക്കുള്ള പുതിയ പാലത്തിനു താഴെ ഒരു സ്വകാര്യ വ്യക്തി പുറമ്പോക്കു കയ്യേറി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ;

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

നീലിമല പ്രദേശ വാസികളുടെ ഭൂമിക്ക് നികുതി

4349 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ മുപ്പൈനാട് വില്ലേജിലെ നീലിമല പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നീലിമല പ്രദേശത്തെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി ഭൂവുടമാവിഹിതം</u>

4350 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ഭൂവുടമാവിഹിതം ഇനത്തിൽ 2011-12 വർഷാന്ത്യത്തെ മുതൽ-പിരിവ്-ബാക്കി സ്റ്റേറ്റ്മെന്റ് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂവുടമാവിഹിതം ഈടാക്കേണ്ടുന്നതിലേക്കായി റവന്യൂ ആഫീസുകളിൽ നിശ്ചിത വിസ്തീർണ്ണാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഡിമാന്റിന്റെ കൃതൃത തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കുമോ;

(സി) ആയത് പ്രകാരം മുതൽ ഇനത്തിൽ 2011-12 വർഷത്തെ അപേക്ഷിച്ച് 2012-13ൽ എത്ര തുകയുടെ വർദ്ധനവോ/കുറവോ ഉണ്ടായിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ ഇനത്തിൽ ഇക്കഴിഞ്ഞ അഞ്ചു വർഷത്തെ സംസ്ഥാനതല വർഷാന്ത്യ മുതൽ-പിരിവ്-ബാക്കി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിൽ നിന്നും ഓൺലൈനായി ലഭിയ്ക്കുന്ന സർട്ടിഫിക്കറ്റുകൾ</u>

4351 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും ഓൺലൈനായി ലഭിയ്ക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിന് കീഴിൽ ഓൺലൈനായി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ</u>

4352 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭ്യമാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ വകുപ്പിൽ സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷകൾക്ക് കോർട്ട് ഫീ ഈടാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളത്;

(സി) നേരിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് എത്ര ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുളളത്; വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ</u>

4353 ഡോ:കെ. ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ച് കൊണ്ടിരിക്കുന്ന ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്നത്;

(ബി) ഓരോ സർട്ടിഫിക്കറ്റിനും എത്ര രൂപ വീതമാണ് അക്ഷയ കേന്ദ്രത്തിൽ ഫീസായി നൽകേണ്ടത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഏതെങ്കിലും ഉത്തരവുകളൊ നിർദ്ദേശങ്ങളൊ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈൻ സമുദായ സർട്ടിഫിക്കറ്റ്</u>

4354 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായി സമുദായ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമുദായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന രീതി കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയെക്കുറിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ഇ-ഡിസ്ട്രിക്ട് പദ്ധതി</u>

4355

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷ നൽകി ജനങ്ങൾ വാങ്ങുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് സമർപ്പിക്കുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനങ്ങൾ ഇവ സ്വീകരിക്കുന്ന ഓഫീസുകളിൽ ഉണ്ടാകുമോ; വ്യാജസർട്ടിഫിക്കറ്റുകൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

മണൽ ഇറക്കുമതി

4356 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മണൽക്ഷാമം നേരിടുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് മണൽ ഇറക്കുമതിക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) എന്തെല്ലാം വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് മണൽ ഇറക്കുമതിക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ഇ-മണൽ സംവിധാനം</u>

4357 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മണൽ ലഭ്യമല്ലാത്തതിനാൽ നിരവധി യാളുകൾ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ഇ-മണൽ സംവിധാനപ്രകാരം മണലിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇനിയും എത്ര അപേക്ഷകർക്ക് മണൽ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ;

(സി) മണൽ ലഭിക്കാനുള്ളവർക്ക് വേഗത്തിൽ മണൽ അനുവദിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മണൽക്കടവുകൾ നിലവിലില്ലാത്ത പയ്യന്നൂർ നിയോജകമണ്ഡലത്തിലേയ്ക്ക് കാസറഗോഡിൽനിന്നും മണൽ കൊണ്ടുവരുന്നതിനുള്ള അനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മണൽവാരൽ നിരോധിക്കാൻ നടപടി</u>

4358 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽവാരൽ സകലനദികളെയും ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽവാരൽ പൂർണ്ണമായും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നദികളും കായലുകളും വറ്റിവരളുന്നതിനും മഴകുറയുന്നതിനും മണലെടുപ്പ് ഹേതുവാകുന്ന വിഷയം പഠനവിധേയമാക്കിയിട്ടുണ്ടോ;

(ഡി) മണലെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകൾ</u>

4359 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ചിട്ടുള്ള ഓരോ താലൂക്കിലും എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടിവരുമെന്നതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പുതിയ താലൂക്കുകളുടെ അതിർത്തി നിർണ്ണയകാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്ക്</u>

4360 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രഖ്യാപിച്ച ചാലക്കുടി താലൂക്കിന്റെ പ്രവർത്തനം ആരംഭിയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരിയാരം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് അതിരപ്പിള്ളിയിൽ പുതിയ വില്ലേജ് ഓഫീസ് അനുവദിച്ചിട്ടുള്ളത് എന്നേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കരിപ്പൂർ കേന്ദ്രമാക്കി വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം</u>

4361 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് വിമാനത്താവളവും മറ്റും സ്ഥിതിചെയ്യുന്ന കരിപ്പൂർ കേന്ദ്രമാക്കി പുതിയ ഒരു വില്ലേജ് രൂപീകരിക്കണമെന്ന ജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ വില്ലേജുകൾ രൂപീകരിക്കുവാൻ സംസ്ഥാനത്ത് ഇതുവരെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭൂമിശാസ്ത്രപരമായി അസൗകര്യവും ജനസംഖ്യയും കണക്കിലെടുത്ത് ആണോ ഇത്തരം പുതിയ വില്ലേജുകൾ രൂപീകരിക്കുന്നത്;

(ഇ) ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ</u>

4362

ശ്രീ ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ ഓഫീസിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത തസ്തികകൾക്ക് നിലവിൽ ഏതു കാലയളവുവരെയാണ് തുടരാനനുമതി നൽകിയിട്ടുള്ളത്;

(സി) കണ്ണൂർ വിമാനത്താവളത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും അവസാനിക്കുന്നതുവരെ പ്രസ്തുത തസ്തികകൾക്കെല്ലാം തുടരാൻ അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ബൈപാസ്സിന് ഭൂമി ഏറ്റെടുക്കൽ</u>

T-4363 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ബൈപാസ്സ് നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ റവന്യൂ വകുപ്പ് കാണിക്കുന്ന അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് തവണ നോട്ടിഫിക്കേഷൻ ചെയ്തിട്ടും സമയപരിധിക്കുള്ളിൽ സ്ഥലമേറ്റെടുപ്പ് നടപടികളിൻമേൽ പുരോഗതിയുണ്ടാകാത്തതിനാൽ പുതിയ നോട്ടിഫിക്കേഷന് ശുപാർശ ചെയ്തിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ഐ. എച്ച്.ആർ. ഡി. അപ്ലൈഡ് കോളേജിന് സ്ഥലം</u>

4364 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ: കോളേജ് കാമ്പസിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ. എച്ച്. ആർ. ഡി. അപ്ലൈഡ് കോളേജിന് സ്ഥലം കണ്ടെത്തുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പന്തല്ലൂർ വില്ലേജിലും സിവിൽ സ്റ്റേഷൻ വളപ്പിലും ഇതിന് അനുയോജ്യമായ റവന്യൂവകുപ്പിന്റെ ഭൂമി പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മലപ്പുറത്തോ പരിസര വില്ലേജുകളിലോ ഇതിനായി ഭൂമി കണ്ടെത്തുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കളമശ്ശേരിയിലെ എച്ച്.എം.ടി. വക ഭൂമി</u>

T-4365 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എം.ടി.യുടെ കളമശ്ശേരിയിലെ 70 ഏക്കർ ഭൂമി, അവർ വില്പന നടത്തിയ നടപടിയുടെ നിയമ സാധുത സംബന്ധിച്ച്, കഴിഞ്ഞ സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരുന്നുവോ;

(ബി) എന്തായിരുന്നു എ.ജി.യുടെ നിയമോപദേശം;

(സി) എച്ച്.എം.ടി. ഭൂമി വില്പന സംബന്ധിച്ച് കേരള ഹൈക്കോടതിയും സുപ്രീം കോടതിയും നടത്തിയ വിധി പ്രസ്താവനയുടെ അന്ത:സ്സത്ത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയിൽ നിർമ്മിച്ചിരിക്കുന്ന ആരാധനാലയങ്ങൾ</u>

4366

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമിയിൽ ആകെ എത്ര ആരാധനാലയങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനധികൃതമായി നിർമ്മിച്ച ആരാധനാലയങ്ങൾ പൊളിച്ചുമാറ്റുവാനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുവാനും ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗം</u>

4367 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചത് ;

(ബി) ഇതിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചതെന്നും എത്ര രൂപയാണ് ഓരോന്നിനും അനുവദിച്ചതെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതര്‍ക്ക് ഭൂമി</u>

4368 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഭൂരഹിതരായവര്‍ക്ക് വിതരണം ചെയ്യുവാനായി പാലക്കാട് ജില്ലയില്‍ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

ഭൂരഹിതരായ കുടുംബങ്ങൾക്ക് മിച്ചഭൂമി

4369 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇനിയും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാനുണ്ടെന്നും ഇതിനായി എത്ര ഏക്കർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് എന്നത്തേക്ക് ഭൂമി വിതരണം ചെയ്യാനാവുമെന്ന് വിശദമാക്കുമോ;

(ഡി) ഭൂമി വിതരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് മിച്ചഭൂമിക്കുന്നിൽ താമസിക്കുന്നവരിൽ നിന്നും കരം സ്വീകരിക്കുന്നില്ല എന്ന പരാതി

4370 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ 'ഒന്ന്' വില്ലേജിലെ കുലിക്കിലിയാട് മിച്ചഭൂമിക്കുന്നിൽ താമസിക്കുന്നവരിൽ നിന്നും അവരുടെ ഭൂമിക്ക് കരം സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത ഭൂമി എന്നാണ് മിച്ചഭൂമിയായി വിതരണം ചെയ്തത്;

(സി) മിച്ചഭൂമിയായി ലഭിച്ച സമയം മുതൽ 2012 ജനുവരി വരെ നികുതി സ്വീകരിച്ചിരുന്നുവോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് നികുതി സ്വീകരിച്ചത് എന്നറിയിക്കുമോ;

(ഡി) 2012 ജനുവരി മുതലാണ് ഭൂനികുതി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ;

(ഇ) പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവരിൽ നിന്ന് നികുതി വാങ്ങുന്നതിനും, കൈവശരേഖ നൽകുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹാരിസൺ കമ്പനിയുടെ കൈവശമുള്ള മിച്ചഭൂമി</u>

4371 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശമുള്ള മിച്ചഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കോടതി വിധിയനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് കമ്പനി അധികമായി കൈവശം വെച്ചിട്ടുള്ളത്;

(സി) ഹാരിസൺ കമ്പനിയുടെ കൈവശമുള്ള ഭൂരേഖകൾ വ്യാജമാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ അനധികൃതമായി കൈവശം വെക്കുന്ന ഭൂമിയുടെ അളവ് കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വസ്തുതകളെല്ലാം കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതായി കരുതുന്നുണ്ടോ;

(ഡി) ഹാരിസൺ കമ്പനിക്ക് വ്യാജരേഖ ചമക്കുന്നതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഇ) കമ്പനി കൈവശം വെച്ചിട്ടുള്ള കയ്യേറ്റഭൂമിയിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ച് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

അധികമായി കൈവശം വെച്ചിരിക്കുന്ന ആദിവാസി ഭൂമി തിരിച്ചെടുക്കാൻ നടപടി

4372 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടര ഹെക്ടറിൽ അധികമുള്ള ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടെങ്കിൽ അത് തിരിച്ച് പിടിക്കണമെന്ന വ്യവസ്ഥ പ്രകാരം കഴിഞ്ഞ 5 വർഷം എത്ര ഏക്കർ ഭൂമി ഓരോ വർഷവും തിരിച്ചുപിടിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അന്യാധീനപ്പെട്ട ആദിവാസിഭൂമിക്ക് പകരം ഭൂമി എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ 5 വർഷത്തിനിടയിൽ ഓരോ വർഷവും നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കിള്ളിയാർ കൈയ്യേറ്റം

4373 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ ചില വ്യക്തികൾ കയ്യേറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ നിലവിൽ എത്ര കയ്യേറ്റങ്ങളാണ് കിള്ളിയാറുമായി ബന്ധപ്പെട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) കിള്ളിപ്പാലം പി.ആർ.എസ്. ആശുപത്രി മുതൽ ചിറപ്പാലം വരെ അനധികൃതമായി കൈയ്യേറി വർക്ക്ഷോപ്പും വീടും നിർമ്മിച്ചവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ നടപടിയൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് സര്‍ക്കാര്‍ ഭൂമി തട്ടിയെടുക്കുന്ന മാഫിയാസംഘം</u>

4374 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് താലൂക്ക് ഓഫീസ് കേന്ദ്രീകരിച്ച് സര്‍ക്കാര്‍ ഭൂമി തട്ടിയെടുക്കുന്ന മാഫിയാസംഘം പ്രവര്‍ത്തിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഘം അടുത്ത കാലത്ത് ഓഫീസില്‍ നിന്നും ഭൂമി പതിച്ചുനല്‍കുന്നതുമായി ബന്ധപ്പെട്ട ഫയലുകള്‍ മോഷ്ടിച്ച വിഷയം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് വകുപ്പ്തലത്തില്‍ എന്തെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ഡി) കഴിഞ്ഞ രണ്ട് വര്‍ഷത്തിനുള്ളില്‍ ഈ താലൂക്കിന്റെ പരിധിയില്‍ എത്ര പേര്‍ക്ക് ഭൂമി പതിച്ചുനല്‍കിയിട്ടുണ്ടെന്നും ഇത് യഥാര്‍ത്ഥ വ്യക്തിയുടെ കൈവശം തന്നെ ഉണ്ടോ എന്നും ഉള്ള കാര്യങ്ങള്‍ അന്വേഷണപരിധിയില്‍ ഉള്‍പ്പെടുത്തുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സിറോ ലാൻഡ്‌ലെസ് പദ്ധതി</u>

4375 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ്‌ലെസ് പദ്ധതിയനുസരിച്ച് കാസർഗോഡ് ജില്ലയിൽ ആകെ എത്ര അപേക്ഷകരാണ് ഉള്ളത്;

(ബി) ആകെ എത്ര ഏക്കർ ഭൂമിയാണ് ഇതിനുവേണ്ടി ജില്ലയിൽ കണ്ടെത്തിയിട്ടുള്ളത്;

(സി) എത്രപേർക്ക് നൽകുവാൻ ഈ ഭൂമി തികയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ജില്ലയ്ക്ക് പുറത്തുള്ള അപേക്ഷകരെ കാസർഗോഡ് ജില്ലയിൽ ഭൂമി നൽകുന്നതിന് പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സീറോ ലാന്റ്ലസ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഭൂമി വിതരണം</u>

4376 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സീറോ ലാന്റ്ലസ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പേർക്കാണ് ഭൂമി നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ കാസർഗോഡ് ജില്ലക്കാരായ എത്ര പേർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) പിന്നോക്ക ജില്ലയായ കാസർഗോഡ്, പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മറ്റും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി നീക്കിവെച്ച പൊതുസ്ഥലങ്ങൾ മേൽ പദ്ധതി പ്രകാരം നൽകുന്നത് ജില്ലയുടെ വികസനത്തെ ഭാവിയിൽ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അതാത് ജില്ലയിലുള്ളവർക്ക് അവരുടെ ജില്ലയിൽ തന്നെ സ്ഥലം കണ്ടെത്തി മേൽ പദ്ധതിയിൽ ഭൂമി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

**'സീറോ ലാന്റ്ലെസ്' പദ്ധതിയനുസരിച്ച് പാലക്കാട് ജില്ലയിലെ അപേക്ഷകൾ**

4377 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലൂടെ നടപ്പിലാക്കുന്ന 'സീറോ ലാന്റ്ലെസ്' പദ്ധതിയനുസരിച്ച് പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) ലഭിച്ച അപേക്ഷകളുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിൽ ഈ പദ്ധതിക്കുവേണ്ടി എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ലാന്റ് ബോർഡുകളിൽ തീർപ്പാക്കാനുള്ള കേസുകൾ</u>

4378 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റവന്യൂ വകുപ്പിനു കീഴിലുള്ള ലാന്റ് ബോർഡുകളിൽ ആകെ എത്ര കേസുകൾ തീർപ്പാക്കാനുണ്ട് എന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ വർഷം എത്ര കേസുകളിൽ തീർപ്പ് നൽകി ഉത്തരവായിട്ടുണ്ട്; അറിയിക്കുമോ;

(സി) ഇതിൽ എത്ര മിച്ചഭൂമി ഏറ്റെടുത്തു എന്നും ഏറ്റെടുത്ത മിച്ചഭൂമി ഗുണഭോക്താക്കൾക്കു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>'ഭൂരഹിതരില്ലാത്ത കേരളം'</u>

4379 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയില്‍ വിതരണം ചെയ്യുന്നതിനായി നാളിതുവരെ എത്ര മിച്ച ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നല്‍കുമോ;

(ബി) ഇതില്‍ വിതരണം ചെയ്യാന്‍ കഴിയുന്ന ഭൂമിയുടെ അളവ് എത്രയാണ്;

(സി) തീര്‍പ്പാകാതെ കിടക്കുന്ന മിച്ച ഭൂമി കേസുകള്‍ അടിയന്തിരമായി തീര്‍പ്പാക്കി ഈ പദ്ധതിയ്ക്ക് ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

4380 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ പുറമ്പോക്ക്, തരിശ് പ്രകാരമുള്ള സർക്കാർ ഭൂമി പരിശോധിച്ച് ലഭ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽപ്പെടുന്ന പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>പട്ടയ വിതരണം</u>

4381

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1993 ൽ വിതരണം നടത്തിയ പട്ടയങ്ങൾക്ക് നിയമസാധുത നൽകികൊണ്ടുളള സുപ്രിം കോടതി വിധിക്കു വിധേയമായി എത്ര പേർക്ക് ഇതുവരെ പട്ടയം നൽകി; വില്ലേജ് തിരിച്ച് വിശദാംശം നൽകാമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുവാനുണ്ട്; വില്ലേജ് തിരിച്ച് വിശദാംശം നൽകാമോ;

(സി) പ്രസ്തുത പട്ടയങ്ങൾ ഏത് കാലയളവിനുളളിൽ കൊടുത്തുതീർക്കും?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കൈവശരേഖ നൽകുന്നതിനുള്ള നടപടി</u>

4382 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ചാത്തക്കുളം, കാരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പടെയുള്ള 145 കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിനായി വനം വകുപ്പിന്റെ അഭിപ്രായ സഹിതം സമർപ്പിച്ചിട്ടുള്ള സംയുക്ത പരിശോധന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കൈവശരേഖ എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>തീരപ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം</u>

4383 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്ത് താമസിക്കുന്നവർക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും പട്ടയം നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരത്ത് നിന്നും 200 മീറ്റർ ദൂരെയുള്ള പ്രദേശങ്ങൾക്ക് പോലും പട്ടയം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പട്ടയം ലഭിക്കാത്തതുകാരണം സർക്കാരിൽ നിന്നുള്ള പല ആനുകൂല്യങ്ങളും തീരദേശവാസികൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാനദണ്ഡങ്ങൾ പാലിച്ച് തീരപ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പട്ടയം നൽകാൻ നടപടി</u>

4384 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ശ്രീകൃഷ്ണപുരം, പുലാപ്പറ്റ, അയ്യപ്പൻകാവ് വീട്ടിൽ അന്തരിച്ച കുഞ്ഞുണ്ണിയുടെ ഭാര്യ ശ്രീമതി കല്ല്യാണി 21.07.2011 തീയതിയിൽ പട്ടയത്തിനായി നൽകിയിരുന്ന അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) കല്യാണിക്ക് നാളിതുവരെ പട്ടയം നൽകാതിരിക്കുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(സി) അടിയന്തിരമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് പട്ടയം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പെരിങ്ങോം വില്ലേജിലെ മിച്ചഭൂമി</u>

4385 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ മിച്ചഭൂമി പതിച്ചുകിട്ടിയിട്ടും ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കാത്ത എത്ര കുടുംബങ്ങൾ നില വിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കാൻ നട പടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ-സ്വാശ്രയ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റവന്യൂഭൂമി പതിച്ചു നൽകിയത്</u>

4386 ശ്രീ. എ. പ്രദീപ്കുമാർ
'' കെ. കെ. നാരായണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ-സ്വാശ്രയ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റവന്യൂഭൂമി പതിച്ചുനൽകുകയോ, ലീസിനു നൽകുകയോ ചെയ്യുന്നതു സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് സ്വകാര്യ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി പതിച്ച് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത രീതിയിൽ ഭൂമി ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഓരോ സ്ഥാപനത്തിനും എത്ര ഭൂമി വീതമാണ് പതിച്ചു നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിദാനത്തിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; വിജിലൻസ് കോടതി കേസ് എടുത്തിട്ടുണ്ടോ; പ്രതിപ്പട്ടികയിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ട്; സംസ്ഥാന മന്ത്രിമാരുടെ പേരിൽ അന്വേഷണമുണ്ടോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>അനധികൃതമായി മുറിച്ച് വിൽപന നടത്തിയ തോട്ടഭൂമികൾക്ക് പോക്കുവരവ്</u>

4387 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം ഉടമകൾ 29.05.2013 വരെ അനധികൃതമായി മുറിച്ച് വിൽപന നടത്തിയ തോട്ടഭൂമികൾക്ക് പോക്കുവരവ് ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുറിച്ച് വിറ്റ തോട്ടഭൂമി പോക്കുവരവ് ചെയ്തു കൊടുക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം ഭൂമി പോക്കുവരവ് നടത്തുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിരിക്കുന്നത്;

(ഡി) തോട്ടഭൂമി വിൽപന നിരോധിച്ചുകൊണ്ടുള്ള മുൻസർക്കാരിന്റെ നടപടിയിൽ നിന്ന് പിറകോട്ടുപോകാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഭൂമി വാങ്ങിക്കൂട്ടിയവർ ഹൈക്കോടതിയിൽ നൽകിയ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു; അതിന് എത്രത്തോളം വിരുദ്ധമാണ് ഇപ്പോഴത്തെ ഉത്തരവ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ചാത്തമംഗലത്ത് മിച്ചഭൂമി കൈവശക്കാർക്ക് പട്ടയം</u>

4388 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ചാത്തമംഗലം അംശം ചേനോത്ത് ദേശത്ത് ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ മിച്ചഭൂമി കൈവശക്കാർക്ക് പട്ടയം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഇവിടെയുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ വീട് വെച്ച് താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പട്ടയം നൽകുന്ന കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

**ഡാമുകളുടെ കാച്ച്മെന്റ് ഏരിയകളിൽ സ്ഥിരതാമസക്കാരായ കുടുംബങ്ങൾക്ക് പട്ടയം**

4389

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെ കാച്ച്മെന്റ് ഏരിയകളിൽ സ്ഥിരതാമസക്കാരായ കുടുംബങ്ങൾക്ക് പട്ടയം നൽകിവരുന്നുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദാംശം നൽകാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നകാര്യം പരിഗണിക്കുമോ;

(സി) ഇതിന് നിയമതടസ്സം നിലനിൽക്കുന്നുണ്ടോ; നിയമതടസ്സം മാറുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പാണിപാറയിലെ കർഷകരിൽ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ പട്ടിക</u>

4390 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പാണുപാറയിലെ കർഷകരിൽ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) മഞ്ഞപ്ര വില്ലേജ് വിഭജിച്ച് രൂപീകരിച്ച അയ്യമ്പുഴ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പാണുപാറ പ്രദേശം ഹിൽട്രാക്റ്റ് ആയി വിജ്ഞാപനം ചെയ്ത് ഈ പ്രദേശത്ത് വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>വസ്തു പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച്</u>

4391 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിൽ ചെറിയനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ -12 ൽ സർവ്വേ നമ്പർ 287/6-ൽ പ്പെട്ട 2.00 ആർസ് വസ്തു പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി ടി വില്ലേജിൽ ചെറിയനാട് പടിഞ്ഞാറ് അത്തിമൺചേരിമുറിയിൽ തേനാലി വടക്കേതിൽ വീട്ടൽ ചാത്ത മകൾ കുഞ്ഞമ്മ 19.12.2000 ത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ 8750/2000-01 തീയതി 19.12.2000 തഹസീൽദാൻ ചെങ്ങന്നൂർ) നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വസ്തു ഇപ്പോൾ ആരുടെ കൈവശത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) വസ്തുവിന്റെ പോക്കുവരവുമായി ബന്ധപ്പെട്ട് വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വസ്തുവിന്റെ അനന്തിര അവകാശിയായ ശ്രീമതി ശ്രീജാകുമാരി പി.റ്റി. യുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്ത് പേരിൽക്കൂട്ടി കൊടുക്കുന്നതിന് നിയമതടസ്സം എന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>പട്ടയം ലഭിക്കാത്തതായ പരാതി</u>

4392 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടയം ലഭിക്കാത്തത് സംബന്ധിച്ച് ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ, എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിലെ തീരദേശവാസികളുടെ പരാതി പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>തോട്ടഭൂമികൾ പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനായി ഉത്തരവ്</u>

4393 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗം തിരിച്ച് വിറ്റ തോട്ടഭൂമികൾ പോക്കുവരവ് ചെയ്തു കൊടുക്കുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് റിസോർട്ട് മാഫിയകളെ സഹായിക്കുമെന്ന കാര്യം ബോദ്ധ്യമുണ്ടോ;

(സി) ഭാഗം തിരിച്ച് വിറ്റ തോട്ടങ്ങളുടെ പോക്കുവരവ് നടപടികൾ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>നഗരൂർ വില്ലേജിൽ പുറമ്പോക്ക് ഭൂമി</u>

4394 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ വില്ലേജിൽ ദർശനാവട്ടം ദേശത്ത് തണ്ണിക്കോണത്ത് ബ്ലോക്ക് നമ്പർ 37-ൽ റീസർവേ 554/1, 554/5 -ലായി ആകെ എത്ര ആർ വസ്തു ഉണ്ടെന്നും ഇതിൽ എത്ര ആർ പതിവ് വസ്തുവാണെന്നും പുറമ്പോക്ക് വസ്തു എത്ര ആർ ആണെന്നും വിശദമാക്കാമോ;

(ബി) ഇവിടെ പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയതുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സബ് ഡിവിഷൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന വിഷയം</u>

4395 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ ഗ്രാമ പഞ്ചായത്തിലെ, നഗരൂർ വില്ലേജിൽ പൊയ്കവിളയിൽ മാതൃകാ അംഗൻവാടി നിർമ്മിക്കാൻ സ്ഥലം ഏറ്റെടുത്തപ്പോൾ സബ് ഡിവിഷൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ഡിവിഷൻ നമ്പർ 134/4, 134/5 എന്നിവയിൽ എത്ര ആർ സ്ഥലം വീതമാണ് സർക്കാർ ഭൂമിയായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ശരിയായ സബ് ഡിവിഷൻ നമ്പർ രേഖപ്പെടുത്തി ലഭിക്കാത്തത് അംഗൻവാടി നിർമ്മാണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശരിയായ സബ് ഡിവിഷൻ നമ്പർ രേഖപ്പെടുത്തി കിട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ള ഭൂമി

4396 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വില്ലേജിലെ ഏതെല്ലാം സർവ്വേ നമ്പരിൽപ്പെട്ട എത്ര ഹെക്ടർ ഭൂമിയാണ് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി പ്രാദേശിക സമിതി ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാദേശിക സമിതിയുടെ ശുപാർശയിന്മേൽ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി പ്രാദേശിക സമിതി ശുപാർശ ചെയ്തിട്ടുള്ളതും ആക്ഷേപം നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞതുമായ കൊട്ടാരക്കര വില്ലേജിലെ സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ</u>

4397 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വെള്ളപൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത റോഡ് പ്രവൃത്തികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ചെങ്കുളം കടവ് പാലത്തിന്റെ നിർമ്മാണം</u>

4398 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ചെങ്കുളം കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നടപ്പിലാക്കുവാൻ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രകാരം സത്വരനടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റീ സർവ്വെ നടപടികൾ</u>

4399 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവു കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) റീ സർവ്വെ നടപടികൾ പ്രകാരം കരഭൂമിയായി മാറിയ വസ്തുക്കൾ ഇപ്പോൾ ബേസിക് ടാക്സ് രജിസ്റ്ററിൽ കര ഭൂമിയാണെന്നാണോ നിലം എന്നാണോ രേഖപ്പെടുത്തുക എന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വെ സമയത്ത് കെട്ടിടവും ടാറിട്ട റോഡുമുള്ള ഭാഗങ്ങൾ നിലം എന്ന് ബേസിക് ടാക്സ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) റീസർവ്വെ അപാകതകൾ പരിഹരിക്കുന്നതിനായി അദാലത്തുകൾ നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) റീസർവ്വെ പ്ലാനുകളും വിവരങ്ങളും വെബ്സൈറ്റിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മരുതോങ്കര വില്ലേജിൽ റീ സർവ്വേയിലെ അപാകതകൾ</u>

4400 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽപ്പെട്ട മരുതോങ്കര വില്ലേജിൽ റീ സർവ്വേയിലെ അപാകതകൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ശ്രീ.രമേശൻ പറമ്പാട്ട് നൽകിയ പരാതിയിൻമേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പരാതിയിൽ പരാമർശിക്കുന്ന സർവ്വെ നമ്പറിലെ വസ്തുവിൽ 1995 മുതൽ ഓരോ വർഷവും ഒടുക്കിയ നികുതി രസീതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നികുതി ഒടുക്കുന്നതിൽ രേഖപ്പെടുത്തുന്ന വസ്തുതകൾ വ്യത്യാസം വരുത്തുന്ന ചട്ട വിരുദ്ധമായ പ്രവർത്തനങ്ങളിൽ ആർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം

4401 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി) നടപ്പാക്കാൻ കഴിഞ്ഞ 4 വർഷ കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിനിയോഗിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ എത്ര താലൂക്കുകളിലും വില്ലേജുകളിലും റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കി അവ കമ്പ്യൂട്ടർവത്ക്കരിച്ച് ഇന്റർനെറ്റ് കിയോസ്കുകൾ വഴി ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>റീസര്‍വ്വെ - ഭൂരേഖാ വകുപ്പില്‍ ഡ്രാഫ്റ്റ്സ്മാന്‍ ഗ്രേഡ്-II തസ്തികയിലെ നിയമനം</u>

4402 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വെ-ഭൂരേഖാ വകുപ്പില്‍ ഡ്രാഫ്റ്റ്സ്മാന്‍ ഗ്രേഡ്-II ന്റെ അനുവദനീയമായ തസ്തികകള്‍ എത്ര; ഇപ്പോള്‍ ആകെ എത്ര പേര്‍ ഈ തസ്തികയില്‍ ജോലി ചെയ്യുന്നു എന്നും ഒഴിവുകള്‍ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഡ്രാഫ്റ്റ്സ്മാന്‍ ഗ്രേഡ്-II തസ്തികയില്‍ നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയില്‍ അഡ്വൈസ് ചെയ്ത എത്ര പേര്‍ ഇതുവരെ ജോലിയില്‍ പ്രവേശിച്ചിട്ടില്ല എന്നും ഈ ഒഴിവുകള്‍ പി.എസ്.സി.യ്ക്കു റിപ്പോര്‍ട്ടു ചെയ്തിട്ടുണ്ടോയെന്നുമറിയിക്കുമോ;

(സി) സര്‍വ്വേയര്‍ ഗ്രേഡ്-II ഡ്രാഫ്റ്റ്സ്മാന്‍ ഗ്രേഡ്-II എന്നിവ തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കില്‍, എത്രയെന്ന് വ്യക്തമാക്കുമോ; നിലവില്‍ അതനുസരിച്ചുള്ള തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍, ആനുപാതികമായി തസ്തിക സൃഷ്ടിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം ലീഗൽ മെട്രോളജി വകുപ്പിൽ</u>

4403 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം ലീഗൽ മെട്രോളജി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണം ശുദ്ധതയ്ക്കനുസരിച്ച് മാത്രം വില്പന നടത്താന്‍ നടപടി</u>

4404 ശ്രീ. റ്റി. എന്‍. പ്രതാപന്‍
'' ഷാഫി പറമ്പില്‍
'' വി. റ്റി. ബല്‍റാം
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ലീഗല്‍ മെട്രോളജി വകുപ്പ് സ്വര്‍ണ്ണം ശുദ്ധതയ്ക്കനുസരിച്ച് മാത്രം വില്പന നടത്താനും അതു ബില്ലില്‍ രേഖപ്പെടുത്തി വില്‍ക്കുന്നതിന് നിയമത്തിലൂടെ നടപടി സ്വീകരിക്കാനുമുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കയർ മാറ്റ്സ് ആന്റ് മാറ്റിംഗ് സഹകരണ സംഘങ്ങൾ</u>

4405 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാറ്റ്സ് ആന്റ് മാറ്റിംഗ് സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു;

(ബി) അവയുടെ ഓരോന്നിന്റെയും ആസ്തിയും ബാധ്യതയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) അവയുടെ ബാധ്യത ഒറ്റ തവണയായി തീർപ്പാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ്</u>

4406 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. അച്ചുതൻ
'' പി. എ. മാധവൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കയർ ഉൽപന്നങ്ങളുടെ ഗ്രാമീണ വിപണനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?